ഉത്തരം

(എ) 17-9-1943-ൽ സ്ഥാപിതമായി.

(ബി) പരാതികളുടെ അന്വേഷണം, കോടതി കല്പനകൾ നടപ്പാക്കുക, വില്ലേജ് ബീറ്റ് നടത്തുക, മുൻ കുറ്റവാളികളെക്കുറിച്ചുള്ള പരിശോധന എന്നിവയാണ് ഈ ഔട്ട് പോസ്റ്റിന്റെ ഇപ്പോഴത്തെ ചുമതലകൾ.

(സി, ഡി ആൻറ് ഇ) ഈ ഔട്ട് പോസ്റ്റ് ചാർജ്ജിങ് സ്റ്റേഷനായി ഉയർത്തേണ്ടത് അത്യന്താപേക്ഷിതമാണെന്നു കാണിച്ച് പോലീസ് വകുപ്പിൽ നിന്നും ശുപാർശകൾ ഒന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

50 (813) ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര പോലീസ് സ്റ്റേഷനുകളുണ്ട്; സ്വന്തമായി കെട്ടിടം നിർമ്മിച്ചിട്ടുള്ള എത്ര പോലീസ് സ്റ്റേഷനുകളുണ്ട്;

(ബി) കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 84 പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം ഇല്ല. 345 സ്റ്റേഷനുകൾ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി 100 പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം പണിയുന്നതിന് 9-8-2001-ൽ അനുമതി നൽകിയിട്ടുണ്ട്.

കണ്ണൂർ സെൻട്രൽ ജയിൽ ജീവനക്കാരുടെ നിയമനം

51 [814] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളിൽ ആവശ്യത്തിന് ജീവനക്കാരില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly